(ബി) പ്രധാനമായും ആറ് സ്ഥാപനങ്ങൾ.

(സി) & (ഡി) ഇവയിൽ ചില സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്നതും മറ്റുള്ളവ സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്നതുമാണ്. അതിനാൽ ഇവയുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുവാൻ നിർവ്വാഹമില്ല.

"വൃക്ക തട്ടിപ്പ് മാഫിയക്കെതിരെ നടപടി"

*4 [247] *ശ്രീ. ടി. എം. ജേക്കബ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളെ ചൂഷണം ചെയ്ത് വൃക്ക തട്ടിപ്പ് നടത്തിയ മാഫിയക്കെതിരെ ഏതെങ്കിലും പോലീസ് ഐ. ജി. യെക്കൊണ്ട് അന്വേഷണം നടത്തിയിരുന്നുവോ;

(ബി) എങ്കിൽ ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത് എന്ന് അറിയിക്കുമോ;

(സി) അന്വേഷണത്തിൽ ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ അന്വേഷണം നടത്താൻ ഉണ്ടായ കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഏതെങ്കിലും പ്രസിദ്ധീകരണം കോഴിക്കോട് കേന്ദ്രമായി ഒരു ആശുപത്രിയിൽ വൃക്ക തട്ടിപ്പ് നടത്തുന്നതായ വാർത്ത നൽകിയിരുന്നുവോ; ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വൃക്ക തട്ടിപ്പുമായി ബന്ധപ്പെട്ട് ഹെൽത്ത് സെക്രട്ടറി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഐ. ജി. യുടേയും, ഹെൽത്ത് സെക്രട്ടറിയുടേയും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ)–(ഡി) പോലീസ് ഐ. ജി. അന്വേഷണം നടത്തിയിട്ടില്ല. ആദിവാസി യുവാവ് മോഹനൻ കൊടുത്ത ഒരു പരാതി തൊടുപുഴ ഡി. വൈ. എസ്. പി. സുകുമാരക്കുറുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ട് മദ്ധ്യമേഖലാ ഡി. ഐ. ജി. സർക്കാരിലേക്ക് അയച്ചിട്ടുള്ളത് നിലവിലുള്ള ഒരു കേസ്സിൽ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ഇതേ പരാതി Transplantation of Human Organs Act-ലെ വ്യവസ്ഥയനുസരിച്ച് അന്വേഷണം നടത്തുവാൻ അധികാരപ്പെട്ട ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ അന്വേഷണം നടത്തുകയും അന്വേഷണത്തിൽ കുറ്റക്കാർക്കെതിരെ തുടർ നടപടി

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുവാൻ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ പരാതി ഫയൽ ചെയ്യുകയും കോടതി പ്രസ്തുത പരാതി നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്ക് അന്വേഷണത്തിനായി അയച്ചുകൊടുക്കുകയും ചെയ്യുകയുണ്ടായി. നടക്കാവ് പോലീസ് 2002-ലെ 548-ാം നമ്പറായി ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തു. എന്നാൽ പ്രസ്തുത കേസ്സിലെ ഒരു പ്രതി ഹൈക്കോടതിയിൽ 2002-ലെ ക്രിമിനൽ സി. ആർ. എം. സി. 11683-ാം നമ്പർ കേസ്സ് ഫയൽ ചെയ്ത് സ്റ്റേ വാങ്ങിയിട്ടുള്ളതാണ്.

(ഇ) ഉണ്ട്.

(എഫ്) ഹെൽത്ത് സെക്രട്ടറി നേരിട്ട് അന്വേഷണം നടത്തിയിട്ടില്ല. ഡി. എം. ഇ. നടത്തിയിട്ടുണ്ട്.

(ജി) ഉദിക്കുന്നില്ല.

പാൻമസാല, പാൻപരാഗ് വിപണനവും ഉപഭോഗവും

*5 [248] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
„ *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല, പാൻപരാഗ് മുതലായവയുടെ വിപണനവും ഉപഭോഗവും വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ വിപണനം പരിശോധിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) കുട്ടികൾക്ക് പുകയിലെ ഉൽപ്പന്നങ്ങൾ വിറ്റതിന് ആർക്കെങ്കിലും എതിരെ നാളിതുവരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇവയുടെ വിപണനം പൂർണ്ണമായി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്.

(ബി) പുകയിലയും പുകയില കലർന്ന പാൻപരാഗ് പോലെയുള്ള ഉൽപ്പന്നങ്ങളും 'ആരോഗ്യത്തിന് ഹാനികരം' എന്ന മുന്നറിയിപ്പോടുകൂടി നിയമപ്രകാരം വിൽപ്പന നടത്താമെന്ന് മായം ചേർക്കൽ നിരോധന നിയമത്തിലെ

LIBRARY ARCHIVES Kerala Legislative Assembly